(ബി)

കാലയളവ്	ഉല്പാദനം (ദശലക്ഷം യൂണിറ്റിൽ)	ഉപഭോഗം (ദശലക്ഷം യൂണിറ്റിൽ)	വ്യത്യാസം
2011-12	9107.99	19038.00	9930.01
2012-13	7161.64	12756.42	5594.78
2013-14	9716.95	20663.8	10946.85
2014-15	8513.95	21693.74	13179.79
2015-16	4197.6	10719.00	6521.4

വൈദ്യുതി നിയമത്തിൽ ഭേദഗതി

39(2240) ശ്രീ. ജി.സുധാകരൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം വൈദ്യുതി വിതരണ മേഖല വിഭജിക്കുന്നതിന് നിർദ്ദേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. ഇലക്ട്രിസിറ്റി നിയമം 2003 ഭേദഗതി ചെയ്യുന്നതിനു മുന്നോടിയായി 19-12-2014-ൽ ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ, 2014 ലോകസഭയിൽ അവതരിപ്പിക്കുകയും തുടർന്ന് സ്റ്റാൻഡിംഗ് കമ്മിറ്റി (ഊർജ്ജം)-യുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി സമർപ്പിക്കുകയും ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിരീക്ഷണത്തിന്റെയും/ശിപാർശകളെയും തുടർന്നുള്ള ചർച്ചകളുടേയും അടിസ്ഥാനത്തിൽ പുതുക്കിയ (revised) കരട് ഭേദഗതി ശിപാർശ [draft Electricity (Amendment) Bill, 2014] സംസ്ഥാന സർക്കാരുകളുടെ അഭിപ്രായത്തിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയം ലഭ്യമാക്കിയിരുന്നു. കരട് ബില്ലിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly